"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷൻ -ജീവനക്കാര്യം - തിരുവനന്തപുരം ജില്ലാ ശുചിത്വമിഷനിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യു.എം) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ച് വരുന്ന പാലക്കാട് ജില്ലയിലെ കുമരൻപുത്തൂർ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി ആയ ശ്രീമതി. അമ്പിളി ഇസഡ്-ന്റെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.589/2022/LSGD തീയതി,തിരുവനന്തപുരം, 11-03-2022

പരാമർശം:-
1. സർക്കുലർ നം. 42/2013/ധന തീയതി 10.05.2013.
2. സ.ഉ.(പി) നം. 580/2013/ധന തീയതി 28.11.2013.
3. സ.ഉ.(സാധാ) നം. 2932/2019/തസ്വഭവ തീയതി 23.12.2019.
4. സ.ഉ.(സാധാ) നം. 66/2021/തസ്വഭവ തീയതി 11/01/2021.
5. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30/12/2021ലെ 2955/ബി/2020/എസ്.എം. നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലാ ശുചിത്വമിഷനിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യു.എം) തസ്തികയിൽ പാലക്കാട് ജില്ലയിലെ കുമരൻപുത്തൂർ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി ആയ ശ്രീമതി. അമ്പിളി ഇസഡ്-നെ ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3) പ്രകാരം നിയമിക്കുകയും പരാമർശം (4) പ്രകാരം കാലാവധി ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു. തുടർന്ന് ശ്രീമതി. അമ്പിളി ഇസഡ്-ന്റെ അന്യത്രസേവന കാലാവധി 07.01.2022 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിക്കണമെന്ന് പരാമർശം (5) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ കുമരൻപുത്തൂർ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി ആയ ശ്രീമതി. അമ്പിളി ഇസഡ്-ന്റെ തിരുവനന്തപുരം ജില്ലാ ശുചിത്വമിഷനിലെ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യു.എം) തസ്തികയിലെ അന്യത്രസേവന കാലാവധി കെ.എസ്.ആർ. ഭാഗം I ചട്ടം 140 (സി) യിലെ വ്യവസ്ഥകൾക്കും അന്യത്രസേവനം സംബന്ധിച്ച പരാമർശം (1) (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 07.01.2022 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടി എസ് പ്രവീൺ കുമാർ
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ശ്രീമതി. അമ്പിളി ഇസഡ് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ..എസ്.എ/ജി&എസ്.എസ്.എ) തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (IA2/5/2022/LSGD)

ഉത്തരവിൻ പ്രകാരം

**Signed by Vijitha M B**
**Date: 11-03-2022 10:58:07**
സെക്ഷൻ ഓഫീസർ